# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ- 88 — 28.09.2011-ൽ മറുപടിക്ക്

## തൊഴിൽമേളകൾ വ്യാപകമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത് | കുമാരി പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി തൊഴിൽ മേളകൾ നടത്തുകയുണ്ടായോ; | (എ) ഉണ്ട്; |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുമോ;<br><br>(സി) ഈ തൊഴിൽ മേളയിൽ ആരുടെയൊക്കെ പങ്കാളിത്തം ഉണ്ടായിരുന്നു; | (ബി) & (സി) സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2011 സെപ്റ്റംബർ 6, 7 തീയതികളിൽ തിരുവനന്തപുരത്ത് വെച്ച് ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുകയുണ്ടായി. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ യുവതീ-യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് അറിയപ്പെടുന്ന കമ്പനികളെ പങ്കെടുപ്പിച്ചാണ് മേള സംഘടിപ്പിച്ചത്. ജോബ് ഫെസ്റ്റിൽ വിപ്രോ, എച്ച്.സി. എൽ., ആൾസെക് ടെക്നോളജീസ്, ഇ.സെഡ്.ഇ., കെയർ സിസ്റ്റംസ് & സൊലൂഷൻസ്, ജെൻപാക്റ്റ്, റിലയൻസ്, എയ്ഗൺ റെലിഗർ, മെറ്റ്ലൈഫ്, ടീം എച്ച്.ജി., ഐ.എൻ.ജി. ലൈഫ്, ഗ്ലോബൽ സൊലൂഷൻസ്, നെസ്റ്റ്, യുറേക്കാ ഫോബ്സ്, അലയൻസ് കോൺഹിൽ ഇൻഫർമേഷൻ സർവീസസ് തുടങ്ങിയ കമ്പനികൾ പങ്കെടുത്തു; |
| (ഡി) എത്ര പേർക്ക് തൊഴിൽ മേളയുടെ പ്രയോജനം ഉണ്ടായി; | (ഡി) വിവിധ കമ്പനികളിൽ നിന്നുമായി 620-ഓളം ഉദ്യോഗാർത്ഥികൾക്ക് ജോലിക്കായുള്ള ഓഫറുകൾ ലഭിച്ചിട്ടുണ്ട്; |
| (ഇ) ഈ തൊഴിൽ മേള വിജയകരമായിരുന്നോ എന്ന് വ്യക്തമാക്കുമോ ; | (ഇ) ജോബ് ഫെസ്റ്റ് വിജയകരമായിരുന്നു; |
| (എഫ്) എങ്കിൽ ഇത്തരം തൊഴിൽ മേളകൾ ഇടയ്ക്കിടെ നടത്തുവാനും വ്യാപകമാക്കുവാനും നടപടി സ്വീകരിക്കുമോ ? | (എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ